## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3735 23.08.2017-ലെ മറുപടിക്ക്**

## യുവസംരംഭകർക്കായുള്ള സ്റ്റാർട്ട്-അപ് പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.ഉബൈദുള്ള**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | യുവസംരംഭകർക്കായി സംസ്ഥാനത്ത് ആരംഭിച്ച സ്റ്റാർട്ട്-അപ് പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | യുവ ജനങ്ങളുടെ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിനാരംഭിച്ച സ്റ്റാർട്ട്-അപ് പദ്ധതി കെ.എസ്.ഐ.ഡി.സി വഴി സംരംഭകത്വ വികസനത്തിന് യുവതയെ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശം. കൊച്ചി കാക്കനാട് ജിയോ ഇൻഫോപാർക്കിലും, അങ്കമാലിയിൽ ഇൻകെൽ ടവറിൽ സ്റ്റാർട്ടപ്പ് സോണിലും, കോഴിക്കോട് യു.എൽ. സൈബർ പാർക്കിലും ബിസിനസ് ഇൻക്യുബേറ്ററുകൾ ഇതിനായി ആരംഭിച്ചിട്ടുണ്ട്.<br>യുവ ജനങ്ങൾക്ക് എല്ലാ വിധമായ ബോധവത്കരണത്തിനും, അതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ കേന്ദ്രവുമായി ഒരു ധാരണാ പത്രം കെ.എസ്.ഐ.ഡി.സി ഒപ്പ് വച്ചിട്ടുണ്ട്.<br>യുവ തൊഴിൽസംരംഭകരുടെ നവീന ആശയങ്ങൾ/ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി മൂലധന സഹായം (സീഡ് ഫണ്ട് സഹായം) എന്ന ധനസഹായ പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | ബി | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലനശിൽപ്പശാലകൾ നടത്തിവരുന്നു. യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, നൂതനമായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായിട്ടും "Industry varsity linkage scheme" എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു. പ്രസ്തുത സ്കീം വഴി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അത് വഴി നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുകയും വ്യവസായിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തി പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുക. എന്നതാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ഇ.എ.പി. പദ്ധതി പ്രകാരം 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഒരു പരിപാടിക്ക് 6000/ രൂപ മുതൽ 7000/രൂപ വരെ ചെലവഴിക്കുന്നതിനു സർക്കാർ സഹായം നൽകുന്നു. എല്ലാ ജില്ല |

| | | | |
|---|---|---|---|
| | | | കളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ്മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജിക്ലിനിക്ക്, സ്കിൽഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ തുടങ്ങിയവ യുവ സംരംഭകർക്ക വളരെ പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ